**പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ &,**
**പത്തനംതിട്ട ജില്ലാ കളക്ടറുടെ നടപടിക്രമം.**
(ഹാജർ : ഡോ. ദിവ്യ എസ് അയ്യർ ഐ .എ.എസ്)

=============================================================

ഉത്തരവ് നമ്പർ - ഡി.സി.പി.റ്റി.എ/1450 /2021 -ഡി.എം1 തീയതി : 14.11.2021.

=============================================================

**വിഷയം :-ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പത്തനംതിട്ട - - ജില്ലയിലെ ശക്തമായ മഴയുടെ പശ്ചാത്തലത്തിൽ ദുരന്തസാധ്യത മുൻനിർത്തി ജില്ലയിലെ വില്ലേജ് ഓഫീസുകളും പ്രാദേശിക സർക്കാർ ഓഫീസുകളും 14 നവംബർ നു തുറന്നു പ്രവർത്തിക്കുന്നതിന് -ഉത്തരവ് പുറപ്പെടുവിക്കുന്നു.**

പരാമർശം :- 1) കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പുറപ്പെടുവിച്ചിട്ടുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ

2) ഓറഞ്ച് ബുക്കിലെ നിർദേശം

കേന്ദ്ര കാലാവസ്ഥാ വകുപ്പും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും പത്തനംതിട്ട ജില്ലയിൽ 2021 നവംബർ 13 തീയതി മുതൽ ശക്തമായ മഴയുള്ള സാദ്ധ്യതാ മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതി തീവ്ര മഴക്കും, ശക്തമായ കാറ്റിനുമുള്ള മുന്നറിയിപ്പ് പുറപ്പെടുവിച്ചിട്ടുള്ളതും ജില്ലയുടെ വിവിധ മേഖലകളിൽ ഇന്നലെ മുതൽ ശക്തമായ മഴ പെയ്തുകൊണ്ടിരിക്കുന്നതുമാണ്.

ശക്തമായ മഴ തുടർച്ചയായി പെയ്യുന്ന സാഹചര്യത്തിൽ പ്രാദേശികമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനു ജില്ലയിലെ വില്ലേജ് ഓഫീസുകളുടെയും തദ്ദേശ സ്ഥാപന ഓഫീസുകളുടെയും പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഇവ തുറന്നു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് നിരീക്ഷിക്കുകയുണ്ടായി.

ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രാദേശികമായ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനു ജില്ലയിലെ വില്ലേജ് ഓഫീസുകളുടെയും, പഞ്ചായത്ത് ഓഫീസുകളുടെയും പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ആയതിനാൽ ഇവ തുറന്നു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നതിനാൽ 2021 നവംബർ 14 തീയതി . ജില്ലയിലെ വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത്, മുനിസിപ്പൽ ഓഫീസുകൾ എന്നിവ ദുരന്ത നിവാരണ പ്രവർത്തങ്ങൾക്കായി തുറന്നു പ്രവർത്തിക്കെണ്ടതാണെന്നു ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇക്കാര്യങ്ങൾ ദുരന്ത നിവാരണ നിയമം 2005 30(xviii), 34 (h) വകുപ്പ് പ്രകാരം അതാതു സ്ഥാപന മേധാവികളും, റവന്യൂ ഡിവിഷണൽ ആഫീസർമാർ, പഞ്ചായത്തു ഡെപ്യൂട്ടി

ഡയറക്ടർ, മുനിസിപ്പൽ സെക്രട്ടറിമാർ, തഹസിൽദാർ എന്നിവർ ഉറപ്പ് വരുത്തേണ്ടതാണ്. നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരെ2005 ലെ ദുരന്ത നിവാരണ നിയമം വകുപ്പ്- 51 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഒപ്പ്)
ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി,
& ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :

1. ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങൾ
2. റവന്യൂ ഡിവിഷണൽ ആഫീസർ അടൂർ/ തിരുവല്ല
3. ഡെപ്യൂട്ടി കളക്ടർ, (ജനറൽ/ എൽ.എ/ ആർ.ആർ/ എൽ.ആർ/ ഇലക്ഷൻ)
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
   (എല്ലാ പഞ്ചായത്തിനും നിർദ്ദേശം നൽകേണ്ടതാണ് )
5. മുനിസിപ്പൽ സെക്രട്ടറി, അടൂർ, പത്തനംതിട്ട, തിരുവല്ല, പന്തളം
6. തഹസിൽദാർ, അടൂർ/ തിരുവല്ല/ റാന്നി/ കോന്നി/ കോഴഞ്ചേരി/ മല്ലപ്പള്ളി
   (എല്ലാ വില്ലേജിനും നിർദ്ദേശം നൽകേണ്ടതാണ് )
7. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ,പത്തനംതിട്ട
   (പത്ര ദൃശ്യ സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി )
8. ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ, പത്തനംതിട്ട
   (വെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )